## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1764 18/6/2012 ൽ മറുപടിക്ക്

## ആന്റി പൈറസി സെല്ലിന്റെ പ്രവർത്തനം

ചോദ്യം

ഡോ:എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി.സി. ജോർജ്:

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ആൻറി പൈറസി സെൽ എന്നാണ് രൂപീകരിച്ചത്; ആയതിന്റെ ഘടന എപ്രകാരമാണ്; | (എ) 27.07.2011 ലെ ജി.ഒ (എം.എസ്) 167/11/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമാണ് ആന്റിപൈറസി സെൽ രൂപീകരിച്ചിട്ടുള്ളത്.<br><br>ഒരു പോലീസ് സൂപ്രണ്ട്, ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, രണ്ട് പോലീസ് സബ് ഇൻസ് പെക്ടർമാർ എന്നിവരെയാണ് ആന്റിപൈറസി സെല്ലിലേക്ക് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനം മുഴുവനും ഈ സെല്ലിന്റെ അധികാര പരിധിയിലാണ്. |

| | |
|---|---|
| (ബി) പ്രസ്തുത സെല്ലിന്റെ രൂപികരണത്തിനുശേഷം ഫലപ്രദമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ : | (ബി)<br>1. തീയേറ്ററുകളിൽ നിന്ന് സിനിമകൾ വ്യാജമായി ഷൂട്ട് ചെയ്ത് സി.ഡി കളിലാക്കുന്നത് നിർത്തലാക്കാൻ സാധിച്ചു.<br>2. വ്യാജ സി.ഡി നിർമ്മാണവും വിപണനവും നിർത്തലാക്കാൻ സാധിച്ചു<br>3. അശ്ളീല സി.ഡികളുടെ വിപണനം തടയാൻ സാധിച്ചു<br>4. വ്യാജ സി.ഡി കളുടെ നിർമ്മാണവും, വിപണനവും തടയാൻ സാധിച്ചു<br>5. ഇൻറർനെറ്റ് വഴി സിനിമകൾ upload ചെയ്യുന്നതും download ചെയ്യുന്നതും വൻതോതിൽ നിർത്തലാക്കാൻ സാധിച്ചു.<br>6. പകർപ്പവകാശമുള്ള ഗാനങ്ങൾ വ്യാജമായി പകർത്തുന്നതും വിതരണം ചെയ്യുന്നതും. ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചു.<br>7. പകർപ്പവകാശമുള്ള പുസ്തകങ്ങൾ വ്യാജ പകർപ്പെടുത്ത് വിതരണം ചെയ്യുന്നത് തടയാൻ സാധിച്ചു.<br>8. പകർപ്പവകാശമുള്ള സോഫ്റ്റ് വെയറുകൾ വ്യാജമായി കോപ്പി ചെയ്യുന്നത് തടയാൻ സാധിച്ചു. |

| | |
|---|---|
| (സി) മലയാള സിനിമാ വ്യവസായത്തിന്റെ അഭ്യുന്നതിക്ക് പ്രസ്തുത സെല്ലിന്റെ പ്രവർത്തനം എത്രത്തോളം സഹായകമാകുമെന്ന് അറിയിക്കുമോ? | (സി)<br>1) മലയാള സിനിമകൾ തീയേറ്ററുകളിൽ നിന്ന് വ്യാജമായി ഷൂട്ട് ചെയ്ത് സി.ഡി കളിലാക്കി വിപണനം ചെയ്യുന്ന പ്രവർത്തികളിലേർപ്പെട്ടവരെ 2012 മാർച്ച് മാസത്തിൽ അറസ്റ്റ് ചെയ്തതിനു ശേഷം ഇറങ്ങിയ മിക്ക സിനിമകളും നല്ല വിജയമായിരുന്നു എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.<br>2) വ്യാജ സി.ഡി കളും ഇൻറർനെറ്റ് വഴിയുള്ള സിനിമകളുടെ ലഭ്യതയും കുറഞ്ഞതോടെ തീയറ്ററുകളിലെ സിനിമാ പ്രേക്ഷകരുടെ എണ്ണം മാർച്ച് മാസം മുതൽ 50 ശതമാനത്തോളം വർദ്ധിച്ചിട്ടുള്ളതായും ആയത് വഴി നിർമ്മാതാക്കൾക്കും തീയേറ്ററുകൾക്കും സർക്കാരിനുംവരുമാന നേട്ടം ഉണ്ടായിട്ടുള്ളതായും അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ